# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

മ്യൂസിയം - നന്ദാവനം റോഡ്, നന്ദാവനം, വികാസ് ഭവൻ. പി.ഒ., തിരുവനന്തപുരം - 695 033
ഫോൺ: 0471 2737240, 0471 2737256 **Email - scddirectorate@gmail.com**

---

## നോട്ടിഫിക്കേഷൻ

പട്ടികജാതിവികസന വകുപ്പിന്റെ അധീനതയിൽ തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം, മര്യാപുരം, അഞ്ചാമട, ശിങ്കാരത്തോപ്പ്, കടകംപള്ളി, പേരുമല, ആറ്റിപ്ര, ഇടയ്ക്കോട്, വർക്കല, കൊല്ലം ജില്ലയിലെ ഓച്ചിറ, കുളക്കട വെട്ടിക്കവല പത്തനംതിട്ട ജില്ല യിലെ ഐക്കാട്, പന്തളം, ആലപ്പുഴ ജില്ലയിലെ മാവേലിക്കര, ഹരിപ്പാട്, കോട്ടയം ജില്ലയിലെ നെടുങ്കാവുവയൽ, എസ്.പി കോളനി, മാടപ്പള്ളി, മധുരവേലി, എറണാകുളം ജില്ലയിലെ ഇടപ്പള്ളി, തൃശ്ശൂർ ജില്ലയിലെ മായന്നൂർ, എങ്കക്കാട്, പുല്ലൂറ്റ്, എടത്തുരുത്തി, നടത്തറ, വി. ആർ. പുരം, ഹെർബർട്ട് നഗർ, എരുമപ്പെട്ടി, വരവൂർ, പാലക്കാട് ജില്ലയിലെ പാലപ്പുറം, മംഗലം, ചിറ്റൂർ, മലപ്പുറം ജില്ലയിലെ കേരളാധീശ്വരപുരം, പാതായ്ക്കര, പൊന്നാനി, പാണ്ടിക്കാട്, കോഴിക്കോട് ജില്ലയിലെ കുറവങ്ങാട്, എലത്തൂർ, തൂണേരി കണ്ണൂർ ജില്ലയിലെ മാടായി, കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ, നീലേശ്വരം,ബേള എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഐ ടി ഐ - കളിൽ എൻ. സി. വി.റ്റി പാഠ്യപദ്ധതിയനുസരിച്ചുള്ള പരിശീ ലനം നൽകുന്ന വിവിധ മെട്രിക് / നോൺ മെട്രിക് ട്രേഡുകളിൽ 2021 അധ്യയന വർഷത്തിൽ ആരംഭിക്കുന്ന കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. ആകെ സീറ്റുകളുടെ 80% പട്ടികജാതി, 10% പട്ടികവർഗ്ഗം, 10% മറ്റുവിഭാഗം അപേക്ഷകർക്കു മായി സംവരണം ചെയ്തിരിക്കുന്നു. ഏതെങ്കിലും വിഭാഗത്തിന് മതിയായ അപേക്ഷകൾ ലഭ്യമല്ലെങ്കിൽ പ്രസ്തുത ഒഴിവ് പട്ടികജാതി, പട്ടികവർഗ്ഗം എന്ന ക്രമത്തിൽ നിബന്ധനകൾക്ക് വിധേയമായി നികത്തുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിന് ഡ്രൈവർ കം മെക്കാനിക് കോഴ്സിനു 18 വയസ്സും മറ്റു കോഴ്സുകൾക്ക്14വയസ്സും തികഞ്ഞിരിക്കേണ്ടതാണ്. (പരി ശീലനാർത്ഥിയുടെ പ്രായം, യോഗ്യത, കോഴ്സിന്റെ കാലാവധി, സീറ്റുകളുടെ എണ്ണം എന്നിവ Director General of Training Government of India യുടെ നിർദ്ദേശത്തിന് വിധേയ മായി മാറ്റംവരാവുന്നതാണ്. കോവിഡ് 19 പ്രത്യേക പശ്ചാത്തലത്തിൽ 2021 പരിശീലന വർഷത്തേയ്ക്കുള്ള ക്ലാസ്സുകളുടെ ആരംഭം, പരിശീലന കാലയളവ്, പരിശീലന രീതി എന്നിവ കേന്ദ്ര/സംസ്ഥാന സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും)

**www.scdd.kerala.gov.in** എന്ന വെബ്സൈറ്റിലുള്ള **ITI ADMISSION 2021** ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. മെട്രിക് ട്രേഡുകൾക്കും നോൺ മെട്രിക് ട്രേഡുകൾക്കും വെവ്വേറെ അപേക്ഷകളാണ് സമർപ്പിക്കേണ്ടത്.

മേൽപ്പറഞ്ഞ 44 ഐ ടി ഐകളിലും 31/08/2021 മുതൽ അപേക്ഷ സ്വീകരിച്ചു തുടങ്ങുന്നതാണ്. അപേക്ഷയോടൊപ്പം പേര്, വയസ്സ്, ജാതി, യോഗ്യത, അധികയോഗ്യത (ഉണ്ടെങ്കിൽ) എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ നൽകേണ്ടതാണ്. അപേക്ഷ, പ്രവേശനം ആഗ്രഹിക്കുന്ന ഐ ടി ഐകളിൽ 15/09/2021 ന് വൈകുന്നേരം 5 മണിക്ക് മുൻപായി ലഭിച്ചിരിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ
പട്ടികജാതിവികസന വകുപ്പ്